# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5589** — **02.11.2016 ൽ മറുപടിയ്ക്ക്**

**വായ്പ എടുത്തശേഷം മരണപ്പെട്ടുപോയവരുടെ വായ്പാ കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ.മുരളി** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തശേഷം മരണപ്പെട്ടുപോയവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനോ ഇളവുകൾ നൽകാനോ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന വായ്പാക്കാർ വായ്പാ കാലാവധിയിലോ, വായ്പാകാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ വായ്പാ കുടിശ്ശികയിൽ അന്നേദിവസം ബാക്കി നിൽക്കുന്ന പരമാവധി ഒന്നര ലക്ഷം രൂപാവരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി 01.04.2008 മുതൽ പ്രാബല്യത്തോടെ കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിലവിലുണ്ട്. |
| (ബി) അത്തരമൊരു പദ്ധതി ഇല്ലായെങ്കിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ